(സി) കുറഞ്ഞത് മൂന്ന് വർഷമായി നിലവിലുള്ളതും സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ക്ലബ്ബുകൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഡി) കെട്ടിടം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. സ്പോർട്ട്സ് ഉപകരണങ്ങൾ, ലഭ്യതയനുസരിച്ച്, നൽകിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല).

4822, 4824, 4825, 4830, 4833, 4837, 4838, 4840, 4841, 4842.

II. ശ്രദ്ധക്ഷണിക്കൽ

(1) ഒറ്റപ്പാലത്തെ വിവിധ ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാത്തതിനെത്തുടർന്ന് ഉളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. വി. സി. കബീർ: സർ, ഭാരതപ്പുഴയുടെ അനുഗ്രഹമുണ്ടെങ്കിലും ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടുത്ത ജലക്ഷാമമാണ്. കുടിവെള്ളത്തിന് ജനങ്ങൾ നെട്ടോട്ടമോടുകയാണ്. 400 ലക്ഷം രൂപ ചെലവിൽ വാണിയംകുളത്ത് 9.30 A.M.] നിർമ്മാണമാരംഭിച്ച വാട്ടർ സപ്ലൈ സ്കീം ഈ വർഷം പൂർത്തിയാക്കേണ്ട താണെങ്കിലും നിർഭാഗ്യമെന്നു പറയട്ടെ പാതിവഴിയിൽ എത്തിനിൽക്കുക യാണ്. സാങ്കേതികമായ ഓരോ തടസ്സം അതിന് വന്നുചേരുന്നുണ്ട്. ശ്രീ. ടി.എം. ജേക്കബ് 1995-ൽ മന്ത്രിയായിരിക്കുമ്പോൾ ഒറ്റപ്പാലത്ത് അനുവദിച്ച പദ്ധതിയുടെ 60% പണിപോലും പൂർത്തിയാക്കാൻ സാധിച്ചില്ല. 995 ലക്ഷം രൂപ ചെലവിലാണ് ആ വാട്ടർ സപ്ലൈ സ്കീം നിർമ്മാണം ആരംഭിച്ചത്. പക്ഷേ 2000-ൽ ഞാൻ മന്ത്രിയായപ്പോഴാണ് അതിന് കല്ലിട്ടത്. അത്രയും പതുക്കെയാണ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങൾ പഠിക്കുന്നുണ്ട്. പണം അനുവദിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ വാട്ടർ അതോറിറ്റിയിൽ ഒരു വരൾച്ചയാണ്. വാട്ടർ അതോറിറ്റിയെ ജാഗ്രതപ്പെടുത്തണമെന്നുകൂടി ഓർമ്മിപ്പിക്കുന്നു. അവിടെ ഭൂതല ടാങ്കിന്റേയോ ഓവർഹെഡ് ടാങ്കിന്റേയോ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഭാരതപ്പുഴയിൽ 331 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കേണ്ട ചെക്ക് ഡാമിന് അനുമതി നൽകി യിട്ടില്ല. അങ്ങനെ മൊത്തത്തിൽ ഒറ്റപ്പാലം വാട്ടർ സപ്ലൈ സ്കീം വരണ്ടു കിടക്കുക യാണ്. ചളവറ, തൃക്കടീരി, അനങ്ങനടി പഞ്ചായത്തുകൾക്കുവേണ്ടി 11 കോടി രൂപയുടെ ഒരു മെഗാ വാട്ടർ സപ്ലൈ സ്കീം രൂപകൽപ്പന ചെയ്തിട്ടുണ്ട്. അതിന് തൃതപ്പുഴയിൽ നിന്നാണ് വെള്ളം എടുക്കേണ്ടത്. ആ പദ്ധതിയും നിർമ്മാണാനുമതി ലഭിക്കാതെ കാത്തു കിടക്കുകയാണ്. തൃശ്ശിവപ്പേരൂർ പഞ്ചായത്തും കാര്യമായി ശുദ്ധജലക്ഷാമം നേരിടുന്ന ഒരു പ്രദേശമാണ്. ഭാരതപ്പുഴയിൽ നിന്നുതന്നെ വെള്ളം എടുക്കുന്നതിനും വിതരണം ചെയ്യുന്ന തിനും വലിയൊരു വാട്ടർ സപ്ലൈ സ്കീമിന് അവിടെ എസ്റ്റിമെറ്റ് തയ്യാറാക്കിയിട്ടുണ്ട്. മൊത്തത്തിൽ 2 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പാതിവഴിയിലും പുതുതായി രണ്ടു പദ്ധതികൾ രേഖയിലും കിടക്കുകയാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബിന്റെ കാലത്തു തന്നെ ഇതിന് അനുമതി നൽകുകയും പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ വിവിധ ശുദ്ധജല വിതരണ പദ്ധതികൾ വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. അതിൽ ഒന്നാണ് ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി. ഇത് എൽ.ഐ.സി.-യുടെ സഹായത്തോടെ ആരംഭിച്ച സ്കീമാണ്. അദ്ദേഹം പറഞ്ഞതു പോലെ വർഷങ്ങൾ ഏറെയായി. 1995-ലാണ് ഇതിന്റെ നടപടികൾ ആരംഭിച്ചത്. ഇപ്പോഴത്തെ സ്ഥിതി, ഇൻടേക്ക് വെല്ലിന്റെയും വിതരണ ശൃംഖലയുടെയും 60% പണികളും പൂർത്തിയായിട്ടുണ്ട്. ശുദ്ധീകരണശാലയുടെ ഡീവിയേഷൻ പ്രൊപ്പോസൽ പരിശോധനയിലാണ്. ഉപരിതല സംഭരണിയുടേയും ഭൂതല സംഭരണിയുടേയും എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ പരിശോധിച്ചുവരുകയാണ്. ഈ പദ്ധതിക്കായിട്ട് പണിയേണ്ട ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്, ഇതിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക 68 ലക്ഷം രൂപയാണ്. പക്ഷേ ഇപ്പോഴത്തെ അംഗീകരിച്ച ഡിസൈൻ പ്രകാരം 3.20 കോടി രൂപ വേണ്ടി വരും. ഇത്രയും ഡിഫറൻസ് വന്നിട്ടുണ്ട്. ഈ തുക മറ്റേതെങ്കിലും രീതിയിൽ കണ്ടെത്തിയെങ്കിൽ മാത്രമേ ഇതിന് അവസാനരൂപം ഉണ്ടാകുകയുള്ളൂ. എൽ.ഐ.സി. സ്കീമുകളുടെ പൊതുവായ സ്ഥിതി ഇതാണ്. ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്ന സംഗതി, ബാങ്കുകൾ ഇതിനു പണം തരാൻ സന്നദ്ധരായി മുന്നോട്ടു വന്നിട്ടുണ്ട്. ബാങ്കിൽനിന്നും ഗവൺമെന്റ് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ പണമെടുത്ത് എൽ.ഐ.സി. സഹായത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് നിലപാട് സ്വീകരിച്ചിരിക്കുന്നത്. ഇതു പൊതുവേ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള കാര്യമാണ്. മറ്റൊന്ന്, വാണിയംകുളം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയാണ്. അത് എ.ആർ.പി.-യിൽപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ മതിപ്പു ചെലവ് 361 ലക്ഷം രൂപയാണ്. ഇൻടേക്ക് വെല്ലിന്റെ പണി അന്തിമഘട്ടത്തിലാണ്. റോ വാട്ടർ പമ്പിംഗ് മെയിൻ ശുദ്ധീകരണശാല, ഭൂതല-ഉപരിതല സംഭരണികൾ, വിതരണ ശൃംഖല എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. ട്രാൻസ്മിഷൻ മെയിൻ, പമ്പിംഗ് മെയിൻ എന്നിവയ്ക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കിയശേഷം പണി ആരംഭിക്കാൻ സാധിക്കും. എത്രയും പെട്ടെന്ന് അതു പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റൊന്ന്, ലക്കിടി-പേരൂർ പഞ്ചായത്തിലെ പല വാർഡിലേക്കുള്ള എൻ.സി.പി.സി. പരിപാടിയെ സംബന്ധിച്ചാണ്. ലക്കിടി-പേരൂർ പഞ്ചായത്തിൽ കുടിവെള്ളം ആവശ്യാനുസരണം ലഭിക്കാത്ത വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പണികൾ നടക്കുന്നുണ്ട്. എ.ആർ.പി.-യുടെ ഭാഗമായിട്ടാണ് ഈ പണികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടം ആയിട്ടേയുള്ളൂ. അത് ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. തൃക്കടീരി, അനങ്ങനടി, ചളവറ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ഒരു ബൃഹത്തായ ശുദ്ധജല പദ്ധതിയുടെ വിശദമായ സർവ്വേ വർക്കുകൾ പൂർത്തിയാക്കുകയും അതിന്റെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 1100 ലക്ഷം രൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ ഡീറ്റയിൽഡ് എൻജിനീയറിംഗ് റിപ്പോർട്ട് എടുക്കണം. മറ്റ് അനന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഒറ്റപ്പാലം സ്കീമാണ് ഒരു പ്രധാനപ്പെട്ട പദ്ധതി. അതു ത്വരിതപ്പെടുത്താൻ നിർദ്ദേശം കൊടുക്കാം. മറ്റു സോഴ്സുകളിൽനിന്ന് പണമെടുത്ത് ഈ പദ്ധതി പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനായി ഉന്നത തലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ?

മി. സ്പീക്കർ: അതു ത്വരിതപ്പെടുത്താമെന്നു പറഞ്ഞല്ലോ.....

(2) പറമ്പിക്കുളം-അളിയാർ അന്തർ-സംസ്ഥാന നദീജല കരാർ പുതുക്കി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പറമ്പിക്കുളം-അളിയാർ അന്തർ-സംസ്ഥാന നദീജല കരാർ കഴിയുംവേഗം പുതുക്കി നടപ്പിലാക്കേണ്ട ആവശ്യകത സംബന്ധിച്ചാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. പറമ്പിക്കുളം-അളിയാർ കരാർ പുനരവലോകനം ചെയ്യൽ ഇതുവരെ അർഹിക്കുന്ന ഗൗരവത്തിൽ മുൻകാല ഗവൺമെന്റുകൾ നടത്തിയില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അതീവതാൽപ്പര്യമെടുക്കുന്നുണ്ട് എന്നതിൽ സന്തോഷമുണ്ട്. എങ്കിലും അതിന്റെ ഗുണഫലങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. കൂടാതെ പറമ്പിക്കുളം-അളിയാർ കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിന് സഹായകമായി പഠിച്ച് റിപ്പോർട്ടുകൾ നൽകാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് എന്നാണ് അറിയുന്നത്. അതിന്റെ വിശദാംശങ്ങൾ അറിയുകയും അതനുസരിച്ച് കാര്യങ്ങൾ കഴിയുംവേഗം നടപ്പിലാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പറമ്പിക്കുളം-അളിയാർ കരാർ ലംഘനം തമിഴ്നാട് ഗവൺമെന്റ് ഇന്ന നിലയിലൊക്കെയാണ് ചെയ്യുന്നതെന്ന് പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അത്രയ്ക്ക് കരാർ ലംഘനം അവർ നടത്തുന്നു. ഈ കരാർ ലംഘനം നമ്മൾ കണ്ടിട്ടും അതിന് കത്ത് മുഖേന പ്രതികരിച്ചാൽ മതിയോ? പോരാ. പാലക്കാട് ജില്ലയിലെ മിക്ക സ്ഥലങ്ങളും വരൾച്ചയുടെ പിടിയിലാണ്. തമിഴ്നാട്ടിൽ നിന്ന് വെള്ളം ലഭിച്ചെങ്കിൽ മാത്രമേ ചെറിയൊരാശ്വാസം ലഭിക്കുകയുള്ളൂ. ഈ സ്ഥിതിയിൽ കരാർ ലംഘനം നടത്തുമ്പോൾ കണ്ടിരിക്കുക അസാധ്യമാണ്. കരാറിൽത്തന്നെ പറഞ്ഞ വ്യവസ്ഥയനുസരിച്ച് ആർബിട്രേഷന് പോകാവുന്നതാണ്. അതിനു പോകേണ്ടതാണ്. പറമ്പിക്കുളം-അളിയാർ കരാർ പുതുക്കുമ്പോൾ കുടിവെള്ളത്തിന് 0.7 ടി.എം.സി. വെള്ളം ആവശ്യമാണ്. ചിറ്റൂർ പുഴയിലെ വെള്ളം മാത്രം ആസ്പദമാക്കി 22 കുടിവെള്ള പദ്ധതികൾ നടത്തേണ്ടതുണ്ട്. അതിൽ 18 എണ്ണം കമ്മീഷൻ ചെയ്തതാണ്. ബാക്കി നാലെണ്ണം അടുത്ത് കമ്മീഷൻ ചെയ്യുന്നതാണ്. അതിൽ കൊടുംവരൾച്ച നേരിടുന്നത് കൊഴിഞ്ഞാമ്പാറ മേഖല, മുതലമട മേഖല, കൊടുവായൂർ-പുതുനഗരം മേഖല എന്നിവിടങ്ങളിലാണ്. ഇതൊക്കെക്കൂടിയാകുമ്പോൾ ഇന്ന് കരാറനുസരിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന്റെ പത്തിലൊന്ന് മാത്രം കുടിവെള്ളത്തിനു വിനിയോഗിക്കേണ്ടുന്ന സ്ഥിതിയാണ്. ഈ കാര്യം കരാർ ഉണ്ടാക്കുമ്പോൾ ആലോചിച്ചിട്ടുള്ളതല്ല. അതുകൊണ്ട് കരാർ അവലോകനം ചെയ്ത് പുതിയ തീരുമാനം ഉണ്ടാകുമ്പോൾ ടോപ് പ്രയോറിറ്റി കുടിവെള്ളക്കാര്യങ്ങൾക്ക് നൽകണം. പറമ്പിക്കുളം-അളിയാർ കരാറിലെ രണ്ടാം ഷെഡ്യൂളിൽ ചിറ്റൂർ പുഴയിൽ 7250 ദശലക്ഷം ഘന അടി ഭാരതപ്പുഴ ജലം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. വെള്ളം നമുക്ക് ലഭിക്കേണ്ടത് യഥാസമയം ലഭിക്കുന്നില്ല. കൂടാതെ കേരള ഷോളയാർ റിസർവോയറിൽ നിന്ന് 2.5 ടി.എം.സി. ജലം നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ വക കാര്യങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കുകയും ഇനിയെങ്കിലും കഴിയുംവേഗം അത് നടപ്പിലാക്കുകയും ചെയ്യണം. ഇത്

LIBRARY ARCHIVES Kerala Legislative Assembly